# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ജൂൺ 28, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അവതരിപ്പിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1) സ്മാർട്ട് സിറ്റി നിർമ്മാണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സ്മാർട്ട് സിറ്റി നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരും ടീകോമും തമ്മിൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട് സിറ്റി കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ 680 കോടിയും പെയ്ഡ് അപ് ഷെയർ ക്യാപ്പിറ്റൽ 120 കോടിയും സർക്കാരിന്റെ ഷെയർ 31.2 കോടിയും ടീകോം കമ്പനിയുടെ ഷെയർ 84

ശതമാനവുമാണെന്നും 12% ഭൂമിയിൽ ടീകോം കമ്പനിക്ക് സ്വതന്ത്ര അവകാശത്തിന് അർഹതയുണ്ടെന്നും ഫ്രെയിം വർക്ക് എഗ്രിമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം 67 ലക്ഷം സ്ക്വയർ ഫീറ്റ് ഭൂമിയാണ് ഐ.ടി./ഐ.ടി.ഇ.എസ്. ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത്. ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തിനകം 88 ലക്ഷം ചതുരശ്ര അടി വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചതോടൊപ്പം ആദ്യഘട്ടത്തിലെ പാലം, 3.7 കി.മീ. നാലുവരിപ്പാത, കാനകൾ, കേബിൾ ട്രഞ്ച്, സബ് സ്റ്റേഷൻ തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഐ.ടി./ഐ.ടി. അധിഷ്ഠിത ഓഫീസുകൾ, കാർ പാർക്കിംഗ്, ട്രെയിനിംഗ് സെന്റർ, യൂട്ടിലിറ്റി ഏരിയ, കോമൺ ഏരിയ എന്നിവയ്ക്കായി ഏകദേശം 6,23,000 ചതുരശ്ര അടി സ്ഥലം മാറ്റിവച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് പ്രതിനിധികൾ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ

ഘട്ടത്തിലും വിലയിരുത്തുകയും വിവിധ വകുപ്പുകളുടെ ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തുകയും ഫോർട്ട് കൊച്ചി സബ് കളക്ടറെ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന സ്മാർട്ട് സിറ്റി പദ്ധതി 2021-ഓടുകൂടി പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. 2016 ആഗസ്റ്റ് 6-ന് ചേരാനിരിക്കുന്ന ബോർഡ് മീറ്റിംഗിൽ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കാനുള്ള സമയക്രമം, ഓരോ ഘട്ടത്തിലും കൈവരിക്കേണ്ട പുരോഗതി എന്നിവ സംബന്ധിച്ച് തീരുമാനമെടുത്ത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

2 (*2, *28, *30) <u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, നിത്യോപയോഗ

സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യവസ്തുക്കൾ 20 മുതൽ 62 ശതമാനം വരെ സബ്സിഡി നിരക്കിലും സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ബഡ്ജറ്റ് വിഹിതം 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നുണ്ട്. 01-06-2016 മുതൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും എല്ലാ ജില്ലകളിലെയും ദൈനംദിന പരിശോധനകളുടെയും റെയ്ഡിന്റെയും വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പൊതുവിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിക്കുന്ന 22 ഇനം അവശ്യ സാധനങ്ങളുടെ വില സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് സെക്ഷനിൽ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുന്നുണ്ട്. 2016 ജനുവരി മുതൽ മേയ് വരെ 20,199 പൊതുവിതരണ കേന്ദ്രങ്ങളും 2,114 ഓപ്പൺ മാർക്കറ്റ് കടകളും പരിശോധനയ്ക്ക് വിധേയമാക്കുകയും നിയമ ലംഘകർക്കെതിരെ അവശ്യവസ്തു നിയമ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും സാധനങ്ങൾ ടെണ്ടർ മുഖേന നേരിട്ട് സംഭരിക്കുന്ന കാര്യം സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളില്ലാത്ത 38 പഞ്ചായത്തുകളിൽക്കൂടി മാവേലി സ്റ്റോറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരികയാണ്. നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകാനുള്ള 146 കോടി രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പുതുക്കിയ റേഷൻ കാർഡുകൾ വിതരണം

ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണെന്നും മന്ത്രി സഭയെ അറിയിച്ചു. കൃഷിഭവനുകൾ മുഖാന്തിരം ജൈവ പച്ചക്കറികൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി.

3 (*3) <u>സ്വയം ചികിത്സ</u>

ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, രോഗികളെ സ്വയം ചികിത്സയ്ക്ക് പ്രേരിപ്പിക്കുംവിധമുള്ള ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകളുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജനങ്ങൾക്ക് അപകടമുണ്ടാക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതാണ്. ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ട്, 1954 പ്രകാരം കുറ്റകരവും

ശിക്ഷാർഹവുമായ പരസ്യങ്ങൾ പ്രസിദ്ധീകരിക്കരുതെന്നും ശാസ്ത്രീയമായ മരുന്നുപയോഗം സംബന്ധിച്ച് പൊതുജനങ്ങളെ അറിയിക്കണമെന്നും പത്രമാധ്യമങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വയം ചികിത്സമൂലമുള്ള അപകടങ്ങളും ഭവിഷ്യത്തുക്കളും സംബന്ധിച്ച് ആരോഗ്യ ബോധവൽക്കരണ പരിപാടികളിൽ ഊന്നൽ നൽകുകയും വ്യാജ ചികിത്സ നടത്തുന്നവർക്കെതിരെ പോലീസ് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ജീവിതശൈലീ രോഗനിയന്ത്രണ പരിപാടികളുടെ ഭാഗമായി രക്തസമ്മർദ്ദം, പ്രമേഹം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതോടൊപ്പം ഇവ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള സ്ക്രീനിംഗ് പരിപാടികളും നടത്തിവരുന്നുണ്ട്. ആയുർവ്വേദ, യുനാനി, സിദ്ധ മരുന്നുകളെക്കൂടി ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ട്, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് എന്നിവയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര

ചിഹ്നമിടാത്ത 1 മുതൽ 269 വരെയുള്ള ചോദ്യങ്ങളിൽ 61 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *